## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 566** **27.9.2011-ൽ മറുപടിക്ക്**

### ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്;<br><br>ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | എ) & ബി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന ഭൂപ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച് പരിസ്ഥിതിക്കും മനുഷ്യർക്കും ദോഷകരമല്ലാത്ത രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വം 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റികളിലും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനാതിർത്തിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യ ശേഖരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ നിർവ്വഹിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയമപരമായ ചുമതലയാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഖരമാലിന്യ പരിപാലനം നിറവേറ്റുന്നതിനായി അവർ തയ്യാറാക്കുന്ന പദ്ധതികൾക്ക് 60%മോ പരമാവധി 7.5 ലക്ഷം രൂപയോ കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ വഴി നൽകി വരുന്നു. കൂടാതെ സ്ഥാപനങ്ങളിലും, ചന്തകളിലും, ആശുപത്രികളിലും സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പദ്ധതി തുകയുടെ 60%മോ |

പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ മുഖാന്തിരം സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. അതുപോലെ ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും ഒരു വാർഡിനെ അല്ലെങ്കിൽ ഒന്നിൽ കുടുതൽ വാർഡുകളെ മാലിന്യ മുക്തമാക്കുന്നതിന് വീടുകളിലെ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50% തുക സബ്സിഡിയായി നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചു കൊണ്ട് 1.3.2011ലെ 73/2001/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ മാലിന്യ സംസ്കരണം ലക്ഷ്യമാക്കി തയ്യാറാക്കി നൽകുന്ന നഗരസഭകളുടെ സംയോജിത പ്രോജക്ടുകൾക്ക് അടങ്കൽ തുകയുടെ 50% വരെ തുക പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നൽകി പ്രോൽസാഹിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ